<u>14 -ാം കേരള നിയമസഭ</u>

<u>22 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 625</u> <u>13-01-2021 - ൽ മറുപടിയ്ക്ക്</u>

<u>ആലത്തൂർ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് ആലത്തൂർ നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | ഈ സർക്കാരിന്റെ കാലത്തു ആലത്തൂർ നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി 1,23,77,646/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ എം.എൽ.എ ഫണ്ടിൽ നിന്നും 25,01,184/- രൂപയും കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ തനതു ഫണ്ടിൽ നിന്നും 4,11,837/- രൂപയും ഡി. ഡി.യു.ജി.ജെ.വൈ പദ്ധതിയിൽ നിന്നും 68,36,774/- രൂപയും എസ്.സി എസ്.ടി ഡിപ്പാർട്ട്മെന്റിൽ നിന്നും 5,75,318/- രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും 18,65,563/- രൂപയും ഉപഭോക്താക്കളുടെ പക്കൽ നിന്നും 1,86,970/-രൂപയും സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി അപേക്ഷ ലഭിച്ചതിൽ എത്ര വീട്ടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിനുള്ള തടസ്സമെന്താണെന്ന് അറിയിക്കാമോ? | (ബി) | മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി അപേക്ഷ ലഭിച്ചതിൽ വനം വകുപ്പിന്റെ സാങ്കേതിക അനുമതി ആവശ്യമുള്ള 96 അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുവാനുണ്ട്. വനം വകുപ്പിന്റെ അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് ഈ അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ